# 37
# “എതിർ ക്രിസ്തു” വും വെളിപ്പാടും
## (വെളിപ്പാട് 11)

“എതിർക്രിസ്തു” എന്ന വിശേഷണം (ഇംഗ്ലീഷിൽ വലിയ “എ” കുടിയും കൂടാതെയും) വെളിപ്പാടിൽ കാണുന്നില്ല. എങ്കിലും, വെളിപ്പാടു പുസ്തകത്തിന്റെ വ്യാഖ്യാനങ്ങളിൽ കാണപ്പെടുന്നുണ്ട്. പ്രത്യേകിച്ച്, ഒരിക്കൽ കുപ്രസിദ്ധമൃഗത്തെ അദ്ധ്യായം 11-ൽ പരിചയപ്പെടുത്തിയപ്പോൾ. ജെയിംസ് എഫേർഡ് എഴുതി, “ആ വാക്ക് [“എതിർ ക്രിസ്തു”] മൃഗത്തെ കുറിച്ച് ... വെളിപ്പാടിൽ അടിക്കടി ഉപയോഗിച്ചിരിക്കുന്നത് ... മിക്കവാറും എല്ലാവരും ആ വാക്കിനെ അങ്ങനെയാണ് ഉപയോഗിച്ചുകാണുന്നത്.”[1] വെളിപ്പാട് പുസ്തകത്തെ നിങ്ങൾ പഠിക്കുമ്പോൾ, “എതിർക്രിസ്തു” എന്ന വാക്ക് കാണുവാനിടയുള്ളതുകൊണ്ട്, ആ വാക്കിനെ കുറിച്ച് ചുരുങ്ങിയ പഠനം ആവശ്യമാണ്.

### മനുഷ്യന്റെ ഊഹം

യോഹന്നാന്റെ പുസ്തകങ്ങളിൽ മാത്രമെ “എതിർക്രിസ്തു” എന്ന വാക്ക് കാണുന്നുള്ളു: 1 യോഹന്നാൻ 2:18, 22; 4:3; 2 യോഹന്നാൻ 7. അത് ഒരു പ്രത്യേക വ്യക്തിയല്ല എന്ന് യോഹന്നാൻ വ്യക്തമാക്കിയിരുന്നു, മറിച്ച് ക്രിസ്തുവിന്റെ ദൈവികത്വത്തെ നിഷേധിക്കുന്ന *ഏതൊരാളും* എതിർക്രിസ്തുവാണ്. അത് ഒരു അമാനുഷജീവിയാണെന്ന് വരുത്തി വലിയ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നവർ ആ വസ്തുത കാണുന്നില്ല - ആന്റിക്രൈസ്റ്റ് (ഇംഗ്ലീഷിൽ “എ” വലിയ അക്ഷരത്തോടുകൂടി), വരുന്നത് ക്രിസ്തുവിന്റെ രണ്ടാം വരുവിന് തൊട്ടുമുൻപ്[2] അത് വലിയ മാനസിക വീര്യവും, കാന്തികവ്യക്തിത്വവും പറഞ്ഞറിയിക്കാനാകാത്ത ദുഷ്ടത നിറഞ്ഞതുമായ ഒരു വ്യക്തിയാണെന്ന് സാധാരണ കരുതപ്പെടുന്നു. എതിർക്രിസ്തു ഇപ്പോൾ യൂറോപ്പിൽ എവിടെയോ “പിശാചിന്റെ സ്വപ്നങ്ങളെ പോഷിപ്പിച്ച്”[3] കഴിയുകയാണെന്ന് ഒരു പ്രമുഖ ആയിരാമാണ്ട് വാഴച്ചയുടെ എഴുത്തുകാരൻ ബോധ്യപ്പെടുത്തുന്നു-ണ്ട്. ആ വ്യക്തിയെ കുറിച്ചുള്ള വിശദീകരണ ആശയം - തിന്മയുടെ പ്രതീകത്തിന്, പലരുടേയും ഉള്ളിൽ മതപരമായ വിചാരങ്ങൾ കടന്നുകൂടിയിരിക്കുന്നു, എതിർക്രിസ്തു എന്ന സിദ്ധാന്തം വളരെ മുൻപ് നഷ്ടമാകുകയും അത് നിഷേധിക്കാനാകാത്ത വസ്തുതയായി തീരുകയും ചെയ്തിരിക്കുന്നു.

ആ കെട്ടുകഥാ വ്യക്തിക്ക് അവർ അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ചില ഇതിഹാസങ്ങളും, യെഹൂദപാരമ്പര്യങ്ങളും, ബൈബിളിലെ ചില അസ്പഷ്ടമായ വേദഭാഗങ്ങളും, മനുഷ്യന്റെ പല ഊഹങ്ങളും[4] ആ പ്രചാരണത്തിന് വേരുകളായി എടുക്കുന്നു. ബൈബിളിലെ മറഞ്ഞുകിടക്കുന്ന വേദഭാഗങ്ങളിൽ ഏറ്റവും പ്രചാരത്തിലിരിക്കുന്നത് 2 തെസലൊനിക്യർ 2-ൽ പൗലൊസ് പറഞ്ഞ “അധർമ്മ മൂർത്തി” ആണ്.

## പൗലൊസിന്റെ "അധർമ്മ മൂർത്തി"
## (2 തെസലൊനിക്യർ 2:3-10)

പൗലൊസ് എഴുതി,

> ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുത്, ആദ്യമെ, വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മ മൂർത്തിയുമായയവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിലിരുന്നുകൊണ്ടു ദൈവമെന്ന് നടിച്ചു ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിന്നും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ ... (2 തെസലൊനിക്യർ 2:3, 4).

"പുതിയനിയമത്തിൽ ഏറ്റവും വിഷമം പിടിച്ചതെന്ന്" കരുതുന്നതും "അത്യന്തം മറഞ്ഞുകിടക്കുന്നതുമായ" ഈ വേദഭാഗത്തെ[6] വിശദമായി പ്രതിപാദിക്കുവാൻ സ്ഥലവും സമയവും അനുവദിക്കുന്നില്ല.[7] "നാശയോഗ്യൻ" ഒരു പ്രത്യേക വ്യക്തിയായി[8] കണ്ടെത്തുവാനുള്ള ശ്രമം വർഷങ്ങളായി നടന്നിരുന്നു - സാധാരണ, ക്രിസ്ത്യാനിത്വത്തിന്റെ ഇപ്പോഴത്തെ എതിരാളി. പൗലൊസ് ഈ വേദഭാഗത്തിൽ അപോകാലിപ്റ്റിക് ഭാഷയാണ് ഉപയോഗിച്ചതെന്ന് പലരും കരുതുന്നു.[9] അങ്ങനെയാണെങ്കിൽ അപ്പൊസ്തലൻ ഒരു പ്രത്യേക വ്യക്തിയെ വിചാരിച്ചിരിക്കുകയില്ല. റെയ്മണ്ട് കെൽസി പറഞ്ഞു, "... [പൗലൊസ്] അധർമ്മ മൂർത്തിയെ ഉപയോഗിച്ചിരിക്കുന്നത്, അപോകാലിപ്റ്റിക് ഭാഷയിലാണ്, അത് നന്മയും തിന്മയും തമ്മിലുള്ള പോരാട്ടവും ഓരോന്നിന്റേയും അന്തിമഫലത്തെയും സൂചിപ്പിച്ചിരിക്കുന്നു."[10]

പൗലൊസിന്റെ "അധർമ്മ മൂർത്തി" ആരായിരുന്നാലും അല്ലെങ്കിൽ എന്തായാലും, അതിനും യോഹന്നാൻ പറഞ്ഞ "എതിർക്രിസ്തുക്കൾക്കും" പൊതുവായി ചിലതുണ്ട്: യോഹന്നാന്റെ "എതിർക്രിസ്തുക്കൾ" ഒന്നിലധികവും അവർ ദുരുപദേശകുറ്റമുള്ളവരുമാണ് (1 യോഹന്നാൻ 2:18, 22) എന്നാൽ പൗലൊസിന്റെ "അധർമ്മ മൂർത്തി" ഒരു വ്യക്തിയും (അപ്പൊസ്തലന്റെ വാക്കുകൾ അക്ഷരികമായി എടുത്താൽ) ദൈവമെന്നു നടിച്ചവനുമാണ് (2 തെസലൊനിക്യർ 2:3, 4)! പൗലൊസ് പറഞ്ഞ "നാശയോഗ്യനെ" ക്കാൾ കുറഞ്ഞതാണ് യോഹന്നാന്റെ "എതിർക്രിസ്തുക്കൾ."[11]

കൂടാതെ, പൗലൊസിന്റെ "അധർമ്മ മൂർത്തിക്ക്" ഇന്ന്-പ്രചാരത്തിലിരിക്കുന്ന എതിർക്രിസ്തുവുമായി വളരെ കുറച്ച് ബന്ധമെയുള്ളു. പൗലൊസ് 2 തെസലൊനിക്യ ലേഖനം എഴുതിയപ്പോൾ, അവൻ പറഞ്ഞ "അധർമ്മ മൂർത്തി" അവന്റെ വായനക്കാർക്ക് പരിചയമുണ്ടായിരുന്നു (2:5), കൂടാതെ അത് അന്നത്തെ ഒരു പ്രസ്ഥാനവുമായിരുന്നു (2:7) അതിന് വിപരീതമായി, ഇപ്പോഴത്തെ എതിർക്രിസ്തു ഊഹമനുസരിച്ച്, എതിർക്രിസ്തുവിന്റെ വരവ് പൗലൊസ് എഴുതിയ സാഹചര്യം മുതൽ രണ്ടായിരമോ അതിൽ കൂടുതലോ വർഷങ്ങൾക്ക് മുൻപ് വേണം സംഭവിക്കുവാൻ. 2 തെസലൊനിക്യർ 2 ലെ പൗലൊസിന്റെ വർത്തമാന-കാലഭാഷയനുസരിച്ച്, റോളിൻ വാക്കർ പറഞ്ഞു, "ഈ പ്രവചനം ... നാം ഒന്നാം നൂറ്റാണ്ടിലെ വാക്യമായി എടുക്കണം".[12]

## യോഹന്നാന്റെ "എതിർക്രിസ്തുക്കൾ"
## (1 യോഹന്നാൻ 2:18, 22; 4:3; 2 യോഹന്നാൻ 7)

മനുഷ്യരുടെ ഊഹങ്ങൾ മാറ്റി നിർത്തിയാൽ, "എതിർക്രിസ്തുവിനെ" കുറിച്ച് (അല്ലെങ്കിൽ "*ദ* ആന്റിക്രൈസ്റ്റ്") നമുക്ക് അറിയാവുന്നതെല്ലാം 1 ഉം 2 ഉം യോഹന്നാനിലുള്ളതാണ്. "കാണാവുന്നതിൽ വെച്ച് ഏറ്റവും നല്ല നിർവ്വചനമാണ് എഴുത്തുകാരൻ [ദൈവശ്വാസിയ] നൽകുന്നത് എന്നാണ് അതിനെക്കുറിച്ചുള്ള ബൈബിൾ വ്യാഖ്യാനതത്വം."[13] സ്ഥലവും സമയവും പരിമിതമാണ്, എങ്കിലും ചുരുങ്ങിയത് യോഹന്നാന്റെ ലേഖനത്തിൽ ഉള്ള "എതിർക്രിസ്തുവിനെ" കുറിച്ച് ചുരുക്കമായി നമുക്ക് നോക്കാം:

ഈ വാക്കുകളോടുകൂടിയാണ് യോഹന്നാൻ ആ വിഷയം പരിചയപ്പെടുത്തുന്നത്: "കുഞ്ഞുങ്ങളേ ഇത് അന്ത്യനാഴിക[14] ആകുന്നു; എതിർക്രിസ്തു വരുന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴിക ആകുന്നു എന്ന് നമുക്ക് അറിയാം" (1 യോഹന്നാൻ 2:18). "ആന്റിക്രൈസ്റ്റ്" എന്നത് സംയുക്തഗ്രീക്ക് വാക്കാണ്, അതിനെ *ക്രിസ്റ്റോസ്* ("ദ അനോയിന്റെഡ് വൺ") എന്ന സുപരിചിതമായ ഗ്രീക്ക് പ്രിപോസിഷൻ *ആന്റി* ("എഗെൻസ്റ്റ്") എന്ന വാക്കുമായിട്ടാണ് യോജിപ്പിച്ചിരിക്കുന്നത്. ആ വാക്കിന്, "ഒന്നുകിൽ ക്രിസ്തുവിന് എതിരായി എന്നോ അല്ലെങ്കിൽ, ക്രിസ്തുവിന് പകരം എന്നോ അർത്ഥം വരാം. അല്ലെങ്കിൽ അത് രണ്ടും വരാം."[15] യോഹന്നാന്റെ ലേഖനത്തിൽ "എതിർക്രിസ്തു" എന്നതിന്റെ മുഖ്യ ആശയം ക്രിസ്തുവിന്റെ *എതിർ* എന്നാണ്.

"എതിർക്രിസ്തു വരും" എന്ന ആശയം പ്രചാരത്തിലെത്തിയിരുന്നു. കിംവദന്തികൾ എന്തായിരുന്നാലും ശരി, തെറ്റായ ആശയങ്ങളെ യോഹന്നാൻ ഉടനെ തിരുത്തി. "ഇപ്പോൾ തന്നെ" അവൻ പറഞ്ഞു, "അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ" (വാ. 18). "ഭാവിയിൽ രണ്ടായിരം വർഷങ്ങൾക്ക് ശേഷം ഒരു എതിർക്രിസ്തു വരും" എന്നല്ല അവൻ പറഞ്ഞത്, പിന്നെയോ ആ "*അനേകം* എതിർക്രിസ്തുക്കൾ അപ്പോൾ തന്നെ എഴുന്നേ*റ്റിരുന്നു"* എന്നാണ്. (എംഫസിസ് മൈൻ.)

അതേ അദ്ധ്യായം വാക്യം 22-ൽ, ആ എതിർക്രിസ്തുക്കൾ ആരായിരുന്നു എന്ന് യോഹന്നാൻ വിശദമാക്കിയിരിക്കുന്നു: "*യേശു ക്രിസ്തുവാണെന്നത് നിഷേധിക്കുന്നവനല്ലാതെ* ആരാകുന്നു കള്ളൻ? പിതാവിനേയും പുത്രനേയും നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തു." (എംഫസിസ് മൈൻ.) ഏഴ് സഭകൾക്കുള്ള ലേഖനങ്ങളെ കുറിച്ചുള്ള നമ്മുടെ പാഠത്തിൽ, "നോസ്റ്റിസിസം"[16] എന്ന ഒരു കൂട്ടത്തെ കുറിച്ചു പറയുകയുണ്ടായി. മറ്റു ദുരുപദേശങ്ങൾ പോലെ, നോസ്റ്റിക്സ് പഠിപ്പിച്ചു, "യേശു മറ്റേതൊരു മനുഷ്യനേയും പോലെ ജനിക്കുകയും, സാധാരണ മനുഷ്യനെ പോലെ മരിക്കുകയും ചെയ്തു. യേശു സ്നാനം ഏറ്റപ്പോൾ ദൈവിക ആത്മായ 'ക്രിസ്തു' അവനിൽ വന്നു, പക്ഷെ ക്രൂശിനുമുൻപ് അവനെ വിട്ടുപോകയും ചെയ്തു എന്നാണ് അവർ വിശ്വസിക്കുന്നത്. അതുകൊണ്ട് 'ക്രിസ്തു' ദൈവമായിരുന്നു, എന്നാൽ യേശു അല്ലായിരുന്നു."[17] അതുകൊണ്ട് ആ ദുരുപദേഷ്ടാക്കന്മാർ യോഹന്നാന്റെ വാക്കുകൾ (ഉപയോഗിക്കുന്നത്) ആയ "യേശു ക്രിസ്തുവാണെന്നത്" നിഷേധിച്ചു. ഡെഫനിറ്റ് ആർട്ടിക്കിളിനു ("ദ") ശേഷം ഏകവചനമാണ് യോഹന്നാൻ ഉപയോഗിച്ചത്. "യേശു ക്രിസ്തു ആണെന്നത്" നിഷേധിക്കുന്ന ആരായാലും അയാൾ "എതിർക്രിസ്തു" *ആണ്.*

ഒന്നാം ലേഖനത്തിൽ അദ്ധ്യായം 4-ൽ, യോഹന്നാൻ "എതിർക്രിസ്തുവിനെ" തിരിച്ചറിയുന്നത് വീണ്ടും ഊന്നിപ്പറയുന്നുണ്ട്: "യേശുവിനെ സ്വീകരിക്കാത്ത യാതൊരാത്മാവും ദൈവത്തിൽനിന്നുള്ളതല്ല, അത് എതിർക്രിസ്തുവിന്റെ ആത്മാവ് തന്നെ. അത് വരും എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. അത് ഇപ്പോൾ തന്നെ ലോകത്തിൽ ഉണ്ട്" (വാ. 3). "എതിർക്രിസ്തു" വരുമെന്ന് പറഞ്ഞ് ആളുകൾ കേട്ടിരിക്കുമെന്ന് അപ്പൊസ്തലൻ തന്റെ വായനക്കാരോട് പറയുകയും, ആ അശുദ്ധാത്മാവ് *വന്നു കഴിഞ്ഞു* എന്നും പറഞ്ഞിരിക്കുന്നു. അതിന് രണ്ടാ-യിരം-വർഷം കാത്തിരിക്കേണ്ട ആവശ്യമില്ലായിരുന്നു.

"എതിർക്രിസ്തു" ആകുവാൻ യോഗ്യരായ പല ദുരുപദേഷ്ടാക്കന്മാരുണ്ടാകുമെന്ന് തന്റെ രണ്ടാം ലേഖനത്തിൽ യോഹന്നാൻ ഊന്നി പറയുന്നു: "യേശുക്രിസ്തുവിനെ ജഡത്തിൽ വന്നു എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ *പലരും* ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നുവല്ലൊ. *വഞ്ചകനും എതിർക്രിസ്തുവും ഇങ്ങനെയുള്ളവൻ ആകുന്നു*" (2 യോഹന്നാൻ 7: എംഫസിസ് മൈൻ). യേശു ദൈവം മനുഷ്യനായി അവതരിച്ച ദൈവത്തിന്റെ പ്രത്യേകപുത്രനാണെന്ന[18] വസ്തുത നിഷേധിക്കുന്ന എല്ലാവരും "എതിർക്രിസ്തു" ആണെന്ന് യോഹന്നാന്റെ ലേഖനത്തിൽനിന്നു നമുക്ക് തീർച്ചപ്പെടുത്താം. അത്തരം ആളുകൾ യോഹന്നാന്റെ കാലത്തുണ്ടായിരുന്നു, ഇന്നും ഉണ്ട്.

## വെളിപ്പാടിലെ "മൃഗം"
## (വെളിപ്പാട് 11:7)

യോഹന്നാൻ വിശദമാക്കിയ "എതിർക്രിസ്തുവിനെ" തിരിച്ചറിയുവാൻ കഴിഞ്ഞതുകൊണ്ട്, വെളിപ്പാടിലെ മൃഗത്തെയും "എതിർക്രിസ്തുവായി" തിരിച്ചറിയുവാൻ കഴിയുമോ?[19] ഇല്ല. നാം കാണുവാൻ പോകുന്നതുപോലെ, മൃഗത്തിന്റെ ഉദ്ദേശം ക്രിസ്തുവിനു അവമതിപ്പ് ഉണ്ടാക്കുകയല്ല, മറിച്ച് അവന്റെ പിൻഗാമികളെ കൊല്ലുക എന്നതായിരുന്നു. ക്രിസ്ത്യാനിത്വത്തിനെതിരായി എഴുന്നേൽക്കുന്ന എതിരായ പ്രസ്ഥാനമായിരുന്നില്ല മൃഗം, പിന്നെയൊ, നാം കാണുവാൻ പോകുന്നതുപോലെ, മൃഗം റോമാ ഗവൺമെന്റും - സുവിശേഷ വ്യാപ്തിയെ തടയുവാൻ സാത്താൻ തുടർന്നും ഉപയോഗിക്കുന്ന ഏതൊരു ഏജൻസിയുമാകുന്നു.

2 തെസലൊനിക്യർ 2 ലെ പൗലൊസിന്റെ കുഴപ്പിക്കുന്ന വാക്കുകളെ അധികരിച്ച്, ആളുകൾ പല സിദ്ധാന്തങ്ങളും മെനഞ്ഞിരിക്കുന്നു. പിന്നെ അവൻ യോഹന്നാൻ 1 ഉം 2 ഉം ലേഖനങ്ങളിൽ പറഞ്ഞ വാക്കുകൾ വിനിയോഗിക്കുന്നു. അവസാനം, അവർ ഇതെല്ലാം വെളിപ്പാട് പുസ്തകത്തിലെ "എതിർക്രിസ്തു" വിനെ കുറിച്ചുള്ള വ്യാഖ്യാനത്തോട് ചേർക്കുന്നു. അത് വ്യാഖ്യാനമല്ല, "എയിസോജെസിസ്" ആണ്. അത് ഒരാൾ പഠിപ്പിക്കു*വാൻ* ആഗ്രഹിക്കുന്നതിനു വേണ്ടി ഒരു പുസ്തകം വായിക്കുന്നതാണ്, അല്ലാതെ പുസ്തകം എന്തു പഠിപ്പിക്കു*ന്നുവോ* അത് കിട്ടുവാൻ വേണ്ടിയുള്ള വായനയല്ല.അങ്ങനെയല്ല വെളിപ്പാട് പുസ്തകം വായിക്കേണ്ടത് - അല്ലെങ്കിൽ ബൈബിളിലെ ഏതൊരു പുസ്തകവും വായിക്കേണ്ടത്.

വെളിപ്പാടുപുസ്തകത്തെ കുറിച്ചുള്ള നമ്മുടെ പഠനം നാം തുടരുന്നതുകൊണ്ട്, നമുക്ക് ഓരോ വേദഭാഗവും തുറന്ന മനസോടും ആത്മാർത്ഥ ഹൃദയത്തോടും കൂടെ നമുക്ക് പഠിക്കുവാൻ ശ്രമിക്കാം (ലൂക്കൊസ് 8:15).[20]

## ഉപസംഹാരം

ഈ പാഠത്തിന്റെ ആരംഭത്തിൽ, "മൃഗത്തെ" കുറിച്ചു വെളിപ്പാട്പുസ്തകത്തിലുള്ളതിനെ ജെയിംസ് എഫേർഡ് പരാമർശിച്ചത് ഞാൻ പറയുകയുണ്ടായി. അവസാനിപ്പിക്കുമ്പോൾ, അദ്ദേഹത്തിന്റെ പരാമർശം ഞാൻ മുഴുവനും നൽകട്ടെ:

> ഒരാൾക്ക് വേദഭാഗത്തെ സംബന്ധിച്ച് ആവേശത്തിൽ ആകുവാൻ കഴിയും. "ആന്റി ക്രൈസ്റ്റ്" എന്നു പറഞ്ഞിട്ടില്ല. പുതിയനിയമത്തിൽ ആ വാക്ക് സംഖ്യകളായി അടിക്കടി ഉപയോഗിച്ചിട്ടുണ്ട്, പ്രത്യേകിച്ച് ... വെളിപ്പാടിൽ ... മൃഗത്തെ കുറിച്ച് പലരും ആ വാക്ക് അലങ്കാരമായി ഉപയോഗിക്കുന്നുണ്ട്. എങ്ങനെയായാലും, വെളിപ്പാട് ലേഖകൻ അത് ഉപയോഗിച്ചിട്ടില്ല. വാസ്തവത്തിൽ, യോഹന്നാൻ തന്റെ പുസ്തകത്തിൽ ആ വാക്ക് ഒരിക്കൽപോലും ഉപയോഗിച്ചിട്ടില്ല. പുതിയനിയമത്തിൽ ആ വാക്ക് വരുന്നത് യോഹന്നാന്റെ ലേഖനത്തിൽ യേശു ജഡത്തിൽ വന്നു എന്നു നിഷേധിക്കുന്ന "എതിർക്രിസ്തുവിനെ" നിർവ്വചിച്ചപ്പോൾ മാത്രമാണ് (1 യോഹന്നാൻ 2:22). യോഹന്നാൻ വെളിപ്പാടിൽ ആ വാക്ക് ഉപയോഗിക്കാതിരിക്കുന്നതുകൊണ്ടും, "എതിർക്രിസ്തുവിനെ" കുറിച്ച് നിരവധി പേർ അവരുടെ ചിന്തകളിൽ നിർവ്വചനം നടത്തിക്കഴിഞ്ഞിരിക്കകൊണ്ടും, നാം അത് ഉപയോഗിക്കാതിരിക്കുകയോ അല്ലെങ്കിൽ വെളിപ്പാടിലെ മറ്റൊരു സംഖ്യക്കും ഉപയോഗിക്കാതിരിക്കുകയോ ആണ് നല്ലത്.[21]

എനിക്ക് അതിനോട് "ആമേൻ" എന്നു ചേർക്കുവാനേ കഴിയുന്നുള്ളു!

---

## പ്രാസംഗികർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

വെളിപ്പാട് പുസ്തകത്തിലെ പരമ്പരയിൽ നിങ്ങൾക്ക് വേണമെങ്കിൽ "എതിർക്രിസ്തു" എന്ന വിഷയത്തെ കുറിച്ച് പ്രസംഗിക്കാം. ദൃശ്യസഹായം ഉപയോഗിക്കുന്നത് നിങ്ങൾക്ക് ഇഷ്ടമാണെങ്കിൽ, ആയിരാമാണ്ട് വാഴ്ച്ചയെ കുറിച്ചുള്ള പുസ്തകത്തിൽനിന്ന് "എതിർക്രിസ്തുവിന്റ" ചിത്രം ഒരു ചിത്രകാരനെ കൊണ്ട് വരപ്പിക്കാവുന്നതാണ്.

നിങ്ങൾ ആ ദൃശ്യസഹായി ഉപയോഗിക്കുകയാണെങ്കിൽ, ആ ആശയം *തെറ്റാണ്* എന്ന് വ്യക്തമാക്കുവാൻ മടിക്കരുത്.

---

കുറിപ്പുകൾ

[1]ജെയിംസ് എം. എഫേർഡ്, *റെവലേഷൻ ഫോർ ടുഡേ* (നാഷ്വിലേ: അബിങ്ടൺ പ്രസ്, 1989), 92. അദ്ധ്യായം 13 നെ കുറിച്ചുള്ള പരാമർശത്തിലാണ് എഫേർഡ് തന്റെ അഭിപ്രായം പറഞ്ഞത്, എന്നാൽ അദ്ധ്യായം 13 ലെ മൃഗം തന്നെയാണ് അദ്ധ്യായം 11 ലുമുള്ളത്. [2]പല സുവിശേഷ എഴുത്തുകാരും പറയുന്നത് എതിർക്രിസ്തു വരുന്നത് ക്രിസ്തു വീണ്ടും വരുന്നതിനു തൊട്ടു മൻപാണെന്നാണ്. ആയിരാമാണ്ട് വാഴ്ച്ചക്കാർ പറയുന്നത് അവരുടെ ഏഴ് വർഷക്കാല സാങ്കൽപിക പീഢനകാലത്തിന്റെ മദ്ധ്യത്തിലാണ് എതിർക്രിസ്തു വരുന്നതെന്നാണ്. [3]ജിം മെക്ഗ്വിഗിൻ, *ദ*

*ബുക്ക് ഓഫ് റെവലേഷൻ:* ലുക്കിങ്ങ് ഇൻടു ദ ബൈബിൾ സീരീസ് (ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 208. മെക്ഗ്വിഗിൻ പറഞ്ഞത്, തന്റെ അഭിപ്രായമല്ല. മറ്റൊരാളുടെ ആശയത്തെയാണ്. [4]ആദ്യം രേഖപ്പെടുത്തിയത് യോഹന്നാന്റെ ലേഖനത്തിലാണെങ്കിലും, "എതിർക്രിസ്തുവിനെ" കുറിച്ച് (അല്ലെങ്കിൽ "ദ ആന്റിക്രൈസ്റ്റ്") നിരവധി ലേഖനങ്ങൾ അന്യദേവന്മാരെ നമസ്ക്കരിക്കുന്ന ഇതിഹാസത്തോടും യെഹൂദപാരമ്പര്യത്തോടും ചേർത്ത് ഇറക്കിയിട്ടുണ്ട്. അവയ്ക്കൊന്നിനും യോഹന്നാൻ പറഞ്ഞതിനോട് ഒരു ബന്ധവുമില്ല. [5]കെജെവിയിൽ "മാൻ ഓഫ് സിൻ" എന്നാണ്. "പാപം അധർമ്മം" ആയതുകൊണ്ട്, (1 യോഹന്നാൻ 3:4), രണ്ടു വാക്കുകളും തമ്മിൽ വ്യത്യാസമുണ്ട്. [6]മില്ലർ ബറോസ്, ആൻ ഔട്ട്ലൈൻ ഓഫ് ബിബിളിക്കൽ തിയോളജി (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1946), 196. [7]റെയിമണ്ട് സി. കെൽസി, *ദ ലെറ്റേഴ്സ് ഓഫ് പോൾ ടു ദ തെസലൊനിയൻസ്*, ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1968), 160. തന്റെ വായനക്കാരെ മുൻപ് പഠിപ്പിച്ച് ആവർത്തിക്കുകയായിരുന്നു പൗലൊസ് (2 തെസലൊനിക്യർ 2:5). നമുക്ക് തെറ്റിദ്ധാരണയുണ്ടാകുന്നതുപോലെ അന്ന് തെസലൊനിക്യർക്ക് തെറ്റിദ്ധാരണ ഉണ്ടായി കാണുകയില്ല. [8]"അധർമ്മ മൂർത്തി" പൗലൊസിന്റെ മനസിൽ ഒരു വ്യക്തിയാണെങ്കിൽ, അത് റോമാ ചക്രവർത്തിമാരിൽ ഒരാളായിരിക്കും. വർഷങ്ങളായി അതിനെ കുറിച്ച് പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരുടെ വ്യാഖ്യാനം അത് പോപ് ആണെന്നാണ്. അത് നന്നായി യോജിക്കുന്നത്, 2 തെസലൊനിക്യർ 2:3 ലെ "അപ്പൊസ്റ്റസി" എന്നതിനോടാണ്. 2 തെസലൊനിക്യർ 2 ന്റെ ഏതൊരു വ്യാഖ്യാനവും പ്രശ്നരഹിതമായിട്ടില്ല. [9]പൗലൊസിന്റെ "അധർമ്മ മൂർത്തി" റോമൻ ചക്രവർത്തിമാരോ (അല്ലെങ്കിൽ പൊതുവിൽ റോമാ ഗവൺമെന്റോ) ആണെങ്കിൽ, എന്തുകൊണ്ട് അപോകാലിപ്റ്റിക് ഭാഷ ഉപയോഗിച്ചു എന്ന് വ്യക്തമാകും - അധികാരികളുമായുള്ള ഏറ്റുമുട്ടൽ ഒഴിവാക്കുവാൻ. വെളിപ്പാടിൽ അപോകാലിപ്റ്റിക് ഭാഷ ഉപയോഗിക്കുവാനുള്ള കാരണം അതാണെന്ന് നാം മുൻപ് സുചിപ്പിച്ചുവല്ലൊ. [10]കെൽസി, 164. പൗലൊസ് അപോകാലിപ്റ്റിക് ഭാഷയാണ് ഉപയോഗിച്ചതെങ്കിൽ, അവന്റെ മനസിൽ ഏതെങ്കിലും ദുഷ്ടനായ ആനുകാലിക വ്യക്തിയും ക്രിസ്തീയ കാലത്തിലെല്ലാം കാണാനിടയുള്ള അതേ പ്രതീകമായും കണ്ടിരുന്നേക്കാം.

[11]ഹാർവേ ഐ. എസ്. ബ്ലാൻസി, *ബീക്കൺ ബൈബിൾ കമെന്ററി, വാല്യം.* 10, ഹീബ്രുസ് - റെവലേഷൻ (കാൻസാസ് സിറ്റി, മോ.: ബീക്കൺ ഹിൽ പ്രസ്, 1967), 372. [12]റോളിൻ ഹൗ വാക്കർ, "ദ സെക്കന്റ് എപ്പിസിൽ ഓഫ് പോൾ ടു ദ തെസലൊനിയൻസ്" ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, എഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1960), 5:2969. "ഒന്നാം നൂറ്റാണ്ടിലെ വാക്കുകളെ കുറിച്ചാണെങ്കിൽ", 2 തെസലൊനിക്യർ 2 ലെ "അധർമ്മ മൂർത്തി" റോമൻ നിയമത്തിന്റെ ശക്തിയെയും "മനുഷ്യൻ" ചക്രവർത്തിയുമാണെങ്കിൽ, വെളിപ്പാടിലെ "മൃഗവും," തമ്മിലുള്ള ബന്ധവും നമുക്ക് മറഞ്ഞു കിടക്കുന്ന വ്യാഖ്യാനമാണ്. [13]ഡി. ആർ. ഡങ്കൻ, *ഹെർമെന്യൂട്ടിക്സ്* (ഡിലൈറ്റ് ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി.) 188. [14]"അന്ത്യനാഴിക" എന്നു പറഞ്ഞിരിക്കുന്നതിനാൽ യോഹന്നാന്റെ മനസിൽ ക്രിസ്തുവിന്റെ രണ്ടാം വരവ് ആസന്നമാണെന്ന അർത്ഥം വരുന്നില്ല. ദൈവശ്വാസിയ എഴുത്തുകാർക്ക് അവരുടെ കാലയളവിൽ ക്രിസ്തു മടങ്ങി വരുമെന്നുള്ള വിശ്വാസം ഇല്ലായിരുന്നു - അത് നിങ്ങളും ഞാനും നമ്മുടെ കാലയളവിൽ ക്രിസ്തു *മടങ്ങി*വരുമെന്ന് വിശ്വസിക്കുന്നതുപോലെയേ ആകു

ന്നുള്ളു. [15]ഡബ്ലിയു. ഈ. വൈൻ, *ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യുടെസ്റ്റമെന്റ് വേഡ്സ്*, എഡി. ജോൺ. ആർ. കോലെൻബർജർ. വിത്ത് ജെയിംസ് എ. സ്വാൻസൺ (മിന്നെപ്പൊലിസ്, മിൻ.: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 54–55. [16]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "ഹൃദയാഘാതമുള്ള സഭ," "പാപമുള്ള പട്ടണത്തിലെ സഭ," "ഇസബേൽ അംഗമായിരിക്കുന്ന സഭ" എന്നീ പാഠങ്ങൾ നോക്കുക. [17]ജെ. ഡബ്ലിയു. റോബർട്ട്സ്, *ദ ലെറ്റേഴ്സ് ഓഫ് ജോൺ*, ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1968), 68. [18]യോഹന്നാൻ പറയുന്ന "എതിർക്രിസ്തു" വിനെ കുറിച്ചുള്ള വ്യക്തമായ ഉപദേശത്തോടുള്ള പ്രതികരണം, " 'എതിർക്രിസ്തു' എന്നു യോഹന്നാൻ ഉപയോഗിച്ചത് (ചെറിയ അക്ഷരം "എ" യോടുകൂടിയാണ്) എന്നതു ശരിയാണ്, പക്ഷെ അതിനർത്ഥം ഭാവിയിൽ 'എതിർക്രിസ്തു' (വലിയ അക്ഷരം "എ") വരുമെന്നത് ഇല്ലാതാകുന്നില്ലല്ലൊ എന്നാണ്". ഈ വിവേചനത്തിലുള്ള പ്രശ്നം എന്തെന്നാൽ, യോഹന്നാന്റെ ലേഖനത്തിൽ മാത്രം ആണ് "എതിർക്രിസ്തു" കാണുന്നത്, ക്രിസ്തുവിന്റെ മടങ്ങിവരവിന് മുൻപ് "എതിർക്രിസ്തു" എന്ന ഒരു പ്രത്യേകവ്യക്തി വരുമെന്ന് അവൻ പറയുന്നില്ല. [19]ഐറേനിയസ് മുതൽ-രണ്ടാം-നൂറ്റാണ്ടിലേയും മൂന്നാം - നൂറ്റാണ്ടിലേയും പല ദൈവശ്വാസിയരല്ലാത്ത എഴുത്തുകാർ "എതിർക്രിസ്തു" വെളിപ്പാട് 13 ലെ മൃഗം ആണെന്ന് പറഞ്ഞിരിക്കുന്നു (എൻ. 185). അവരുടെ പരാമർശങ്ങൾ, "വ്യാഖ്യാതാക്കളുടെ തിരുവെഴുത്ത് വിശദമാക്കുന്ന വിവരണങ്ങളുടെ അടിസ്ഥാനത്തിലാണ്" എന്ന് മാക്മില്ലൻ പറഞ്ഞിരിക്കുന്നു (സെന്റ്. പോൾസ് *എപ്പിസിൽ ടു ദ തെസലൊനിയൻസ്* [ലണ്ടൻ: മാക്മില്ലൻ ആന്റ് കമ്പനി., 1908], 159). "സങ്കൽപങ്ങൾ എന്ന വാക്കിന് അടിവരയിടുക." "എതിർക്രിസ്തുവിനെ" കുറിച്ച് ഇന്നത്തെ ആധുനിക എഴുത്തുകാരുടെ അതിപ്രസര പ്രസ്താവനകൾ ആരംഭ എഴുത്തുകാർ ഉപേക്ഷിച്ചിരുന്നത് ശ്രദ്ധിക്കുക. [20]ഈ പ്രത്യേക പാഠം നിങ്ങൾ ഒരു പ്രസംഗത്തിന് അടിസ്ഥാനമായി ഉപയോഗിക്കുകയാണെങ്കിൽ, നിങ്ങൾക്ക് വ്യക്തിപരമായ പ്രായോഗികത വരുത്താം. ഇന്ന് യേശുവിന്റെ ദൈവികത്വത്തെ നിഷേധിക്കുന്നവർക്കായി അത് ഉപയോഗിക്കാം."അവരെ തിരിച്ചറിഞ്ഞ് എതിർക്കുവാൻ ശീലിക്കുക." നിങ്ങൾ വായിക്കുന്ന തിരുവെഴുത്തിൽ നിങ്ങളുടെ ഭൂതകാല മുന്നറിവോ, ദുരഭിമാനമോ കാണാതിരിക്കുവാൻ" ശ്രദ്ധിക്കുക.

[21]എഫേർഡ് 92.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. "എതിർക്രിസ്തു" എന്നതിന്റെ അടിസ്ഥാനഗ്രീക്ക് വാക്കിന്റെ (യോഹ ന്നാന്റെ ലേഖനത്തിൽ ഉപയോഗിച്ച) അർത്ഥമെന്ത്?
2. "എതിർക്രിസ്തുവിനെ" കുറിച്ച് അസാധാരണമായ കാര്യങ്ങൾ എന്തെങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടോ? എന്താണ് അവ?
3. വ്യാഖ്യാനിക്കുവാൻ വിഷമമുള്ള വേദഭാഗമാണോ 2 തെസലൊനിക്യർ 2:3–10? "മറഞ്ഞു കിടക്കുന്ന ഒരു വേദഭാഗത്തെ അടിസ്ഥാനപ്പെടുത്തി യാകരുത് അടി സ്ഥാന ഉപദേശങ്ങൾ" എന്നതാണ് ബൈബിൾ വ്യാഖ്യാ നത്തിന്റെ തത്വം. 2 തെസലൊനിക്യർ 2:3–10 നെ ആസ്പദമാക്കി ധാരാളം സിദ്ധാന്തങ്ങൾ ഉള്ളതുകൊണ്ട് "എതിർക്രിസ്തുവിന്റെ" വരവിനെ സംബന്ധിച്ച് വിസ്തൃതമായ സിദ്ധാന്തങ്ങളുണ്ടാകേണ്ടതുണ്ടോ?
4. "എതിർക്രിസ്തു" എന്ന വാക്ക് ബൈബിളിൽ എവിടെ മാത്രമാ

ണുള്ളത്? "എതിർക്രിസ്തു" എന്താണെന്നാണ് യോഹന്നാൻ പറഞ്ഞത്?

5. വെളിപ്പാട് 11, 13, 17 എന്നീ അദ്ധ്യായങ്ങളിൽനിന്ന് പഠിച്ച "മൃഗത്തിൽ" നിന്നും "എതിർക്രിസ്തു" വുമായുള്ള അന്തരം വ്യക്തമാക്കുക.
6. ദുരഭിമാനം കൂടാതെ തിരുവെഴുത്തുകളെ കാണുന്നത് പ്രയാസമാണോ? എങ്ങനെയായാലും, അതിന് എല്ലാ ശ്രമവും നടത്തേണ്ടത് ആവശ്യമല്ലേ?